**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3517** **15-02-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിലവിൽ ലഭ്യമായിട്ടുള്ള തുകയുടെ വിശദാംശം നൽകുമോ; | (എ) | Rs.2,14,51,012/- (രണ്ട് കോടി പതിനാല് ലക്ഷത്തി അൻപത്തി ഓന്നായിരത്തി പന്ത്രണ്ടു രൂപ മാത്രം) |
| (ബി) | പ്രസ്തുത ഫണ്ടിൽ നിന്നും തുക അനുവദിക്കുവാനുള്ള എത്ര പ്രൊപ്പോസലുകൾ അംഗീകാരത്തിനായി ലഭിച്ചിട്ടുണ്ട്; അവയിൽ എത്രയെണ്ണത്തിന് ഭരണാനുമതി നൽകി; വിശദാംശം നൽകുമോ; | (ബി) | നിലവിൽ ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമായിട്ടുള്ളത് 15 പദ്ധതികളുടെ പ്രൊപ്പോസലുകൾ ആണ്. ടി പ്രൊപ്പോസലുകൾക്ക ഭരണാനുമതി നൽകുന്നത്, അടുത്ത സംസ്ഥാന ഉന്നത തല സമിതി യോഗത്തിന്റെ അജണ്ടയിൽ ഉൾപ്പെടുത്തിയിരിക്കുന്നതാണ്. |
| (സി) | മലപ്പുറം ജില്ലയിൽ നിന്നും ലഭിക്കുന്ന ഫണ്ട് മറ്റു ജില്ലകളിലേയ്ക്ക് മാറ്റുന്നതിന് സംസ്ഥാന ഉന്നതാധികാര സമിതി തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനം പുനഃപരിശോധിക്കുവാനും കൂടുതൽ പ്രൊജക്ടുകളും ജനസംഖ്യയുമുള്ള ജില്ലയിൽ നിന്നും ലഭിക്കുന്ന ഫണ്ട് ഇവിടെത്തന്നെ ചെലവഴിക്കുന്ന സാഹചര്യവും ഉണ്ടാക്കുമോ; വിശദമാക്കാമോ; | (സി) | RMF ഫണ്ട് ലഭ്യത കുറഞ്ഞ ജില്ലകളിലും നദീതീര സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുവാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ആകയാൽ മണൽ വാരൽ നിയമത്തിൽ വിവക്ഷിച്ചിട്ടുള്ള, സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം ഉപയോഗിച്ചു കൊണ്ട് , ആവശ്യമായ സ്ഥല പരിശോധനകൾ നടത്തി, ഓരോ ജില്ലകളിലേയും നദീതീര സംരക്ഷണ പ്രവർത്തികളുടെ ആവശ്യകത മനസ്സിലാക്കിയാണ്, ടി പ്രവർത്തികൾ നടപ്പിലാക്കുന്നത്. |
| (ഡി) | ജില്ലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ, തടയണ നിർമ്മാണം, ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന സ്ഥലങ്ങളിൽ നദികളുടെ കര സംരക്ഷണം എന്നിവയിൽ എം. എൽ. എ. മാരുടെ ശിപാർശ കൾക്ക് മുന്തിയ പരിഗണന നൽകി അടിയന്തരമായി റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗപ്പെടുത്തി നടപ്പിലാക്കേണ്ട ജില്ലാ വികസന സമിതി ശുപാർശ ചെയ്യുന്ന പ്രവർത്തികൾ ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാ വിദഗ്ദ്ധ സമിതി പരിശോധിക്കുകയും അവയിൽ ആവശ്യമുള്ളത് അംഗീകരിച്ച് സംസ്ഥാന ഉന്നതതല സമിതിയിലേയ്ക്ക് സമർപ്പിക്കുകയും സംസ്ഥാന ഉന്നതതല സമിതിയുടെ അംഗീകാരത്തോടെ സർക്കാർ ഉത്തരവാകുകയും ചെയ്യുന്നതാണ് നിലവിലെ രീതി.<br><br>മേൽ വിഷയത്തിൽ എം.എൽ.എ മാരുടെ ശിപാർശകൾക്ക് മുന്തിയ പരിഗണന നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ